**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2835 06.11.2019-ലെ മറുപടി**

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. സി.മമ്മൂട്ടി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | എ) | കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതോറിറ്റിയുടെ തന്നെ പ്രത്യേക ഗുണനിലവാര പരിശോധനാ വിഭാഗം നിലവിലുണ്ട്. സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് പദവിയോട് കൂടിയ കൊച്ചിയിലെ സെൻട്രൽ ലബോറട്ടറി, പതിനാല് ജില്ലാ ലാബുകളും ഉൾപ്പെടുന്നതാണ് അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം. ഇവിടങ്ങളിലെല്ലാം തന്നെ വാട്ടർ അതോറിറ്റി സ്കീമുകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ പരിശോധനാ വിഭാഗം സംഭരിക്കുന്ന സാമ്പിളുകൾ പരിശോധന നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. കേന്ദ്ര പദ്ധതിയായ NRDWP യുടെ ഭാഗമായി മുപ്പത്തിരണ്ട് ഉപജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വാർഡ് സർവ്വേയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിലെ കിണർ, കുഴൽകിണർ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും സംഭരിക്കുന്ന സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു. ഇതിനെല്ലാം പുറമെ പ്രളയം, വരൾച്ച, പകർച്ചാവ്യാധി വ്യാപനം തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ താത്ക്കാലിക ലാബുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സജ്ജീകരിച്ച കുടിവെള്ള ഗുണനിലവാര പരിശോധന നടത്താറുണ്ട്. |
| ബി) | പൊതുവിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനു മുമ്പായി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; | ബി) | പൊതുവിപണിയിൽ ലഭിക്കുന്ന കുപ്പിവെള്ളം കേരള വാട്ടർ അതോറിറ്റി പരിശോധനയ്ക്ക് വിധേയമാക്കാറില്ല. |
| സി) | ഇപ്രകാരം നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തവ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം അറിയിക്കുമോ? | സി) | ബാധകമല്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ